## വനിതാ ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ
## (ഹാജർ: അനുപമ.ടി.വി ഐഎഎസ്)

വിഷയം:- വനിതാ ശിശു വികസന വകുപ്പ്- വനിതാ ശിശുക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാരുടെ പരിചരണം- മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർക്ക് വേതനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ബഹു വനിതാ ശിശുവികസന വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 30-6-2020 നു ചേർന്ന യോഗ തീരുമാനം.

2. സ.ഉ.(സാധാ) നം.312/2021/സാ.നീ.വ. തീയതി.17-5-2021

3. സ.ഉ.(പി) നം.29/2021/ധന. തീയതി.11-2-2021

ഉത്തരവ് നമ്പർ.PC1/7301/2021 തീയതി: 20-5-2021

---

സ്ത്രീകളുടെയും കുട്ടികളുടെയും വികസനം ലക്ഷ്യമാക്കി പ്രവർത്തിച്ച വരുന്ന വകുപ്പാണ് വനിതാ ശിശു വികസന വകുപ്പ്. പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമുള്ളതും നിയമവുമായി പൊരുത്തപ്പെടാത്തതുമായ കുട്ടികളുടെ സംരക്ഷണത്തിനു വേണ്ടി ശിശുക്ഷേമ സ്ഥാപനങ്ങളും വിധവകൾ, വിവാഹ മോചിതരായവർ, അഗതികൾ, സംരക്ഷിക്കാനാരുമില്ലാത്ത സ്ത്രീകൾ, അവരുടെ 6 വയസിനു താഴെ പ്രായമുള്ള കുട്ടികൾ എന്നിവരെ പുനരധിവസിപ്പിക്കുന്നതിനു വേണ്ടി വനിതാ ക്ഷേമ സ്ഥാപനങ്ങളും വകുപ്പിന് കീഴിൽ പ്രവർത്തിച്ച വരുന്നു. പ്രസ്തുത സ്ഥാപനങ്ങളിലെ താമസക്കാരുടെ പരിചരണത്തിനായി മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാരെ നിയമിച്ചിട്ടുണ്ട്.

കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ടി ജീവനക്കാരുടെ കാലാവധി 2020 മാർച്ചിൽ അവസാനിച്ചിരുന്നു. എന്നാൽ കോവിഡ്-19 ന്റെ വ്യാപനത്തെ തുടർന്ന് പുതിയ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുവാൻ കഴിയാതെ വന്ന സാഹചര്യത്തിൽ ടി ജീവനക്കാരുടെ സേവനം 2020 ജൂലൈ മാസം വരെ കരാർ അടിസ്ഥാനത്തിൽ തുടരുവാനും 2020 ആഗസ്റ്റ് മാസം മുതൽ ദിവസ വേതനടിസ്ഥാനത്തിൽ നിയമിക്കുവാനും പരാമർശം(1) പ്രകാരം അനുമതി ലഭിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ. 34 വനിതാ ശിശു ക്ഷേമ സ്ഥാപനങ്ങളിൽ ദിവസ വേതനടിസ്ഥാനത്തിൽ മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർ നിലവിൽ സേവനം അനുഷ്ഠിച്ച വരുന്നു.

വനിതാ ശിശു വികസന വകുപ്പിലെ ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാരുടെ പരിചരണത്തിനായി ദിവസ വേതനടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർക്ക് 2021-22 സാമ്പത്തിക വർഷം വേതനം അനുവദിക്കുന്നതിനായി 95,41,800/-രൂപ അനുവദിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ക്ഷേമ സ്ഥാപനങ്ങളിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാരുടെ എണ്ണം ലഭ്യമാക്കുവാൻ ഈ കാര്യാലയത്തിൽ നിന്നും എല്ലാ ക്ഷേമ സ്ഥാപന സൂപ്രണ്ടുമാരോടും ആവശ്യപ്പെടുകയും ആലപ്പുഴ ചിൽഡ്രൻസ്

ഹോം (മായിത്തറ, നൂറനാട്), കോട്ടയം ജില്ലയിലെ ക്ഷേമ സ്ഥാപനങ്ങൾ എന്നിവ ഒഴികെയുള്ളവയുടെ വിവരങ്ങൾ ബന്ധപ്പെട്ട സൂപ്രണ്ടുമാർ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ വനിതാ ശിശുവികസന വകുപ്പിന് കീഴിൽ വിവിധ ജില്ലകളിലെ ക്ഷേമസ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർക്ക് 2021 ഏപ്രിൽ മുതൽ 2021 സെപ്റ്റംബർ വരെ വേതനം നല്കുന്നതിനാവശ്യമായ 41,14,800/- രൂപ (നാൽപത്തിയൊന്ന് ലക്ഷത്തി പതിനാലായിരത്തി എണ്ണൂറ് രൂപ മാത്രം) ഇതോടൊപ്പം ചേർത്തിരിക്കുന്ന അനുബന്ധം എ പ്രകാരം ജില്ല വനിതാ ശിശു വികസന ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷം 2235-02-001-89(P) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കേണ്ടതാണ്.

ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ അനുബന്ധം ബി പ്രകാരം പ്രസ്തുത തുക ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ടുമാർക്ക് അനുവദിച്ച് നൽകേണ്ടതാണ്. സ്ഥാപന സൂപ്രണ്ടുമാർ മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാരുടെ പ്രവർത്തി ദിവസങ്ങൾക്കനുസൃതമായി തുക അനുവദിച്ച് നൽകേണ്ടതും പ്രസ്തുത തുകയുടെ ധനവിനിയോഗ സാക്ഷ്യ പത്രം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.

ഒപ്പ്
വനിതാ ശിശുവികസന ഡയറക്ടർ

എല്ലാ ജില്ല വനിതാ ശിശുവികസന ഓഫീസർമാർക്കും
എല്ലാ ക്ഷേമ സ്ഥാപന സൂപ്രണ്ടുമാർക്കും

പകർപ്പ്:-1. സൂപ്രണ്ട് എ സെക്ഷൻ (അലോട്ട്മെന്റ് നല്കുന്നതിലേക്കായി)
2. പ്രോഗ്രാം മാനേജർ, ICPS
3. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം
[signature]
സൂപ്രണ്ട്

## അനുബന്ധം A

| ക്രമ നം. | ജില്ല | അനുവദിക്കുന്ന തുക |
|---|---|---|
| 1 | തിരുവനന്തപുരം | 3,28,050 |
| 2 | കൊല്ലം | 6,56,100 |
| 3 | പത്തനംതിട്ട | 2,18,700 |
| 4 | ആലപ്പുഴ | 1,09,350 |
| 5 | എറണാകുളം | 3,28,050 |
| 6 | തൃശ്ശൂർ | 3,28,050 |
| 7 | പാലക്കാട് | 2,18,700 |
| 8 | മലപ്പുറം | 3,28,050 |
| 9 | കോഴിക്കോട് | 7,65,450 |
| 10 | വയനാട് | 1,09,350 |
| 11 | കണ്ണൂർ | 5,06,250 |
| 12 | കാസർഗോഡ് | 2,18,700 |
| **ആകെ** | | **41,14,800** |

അനുബന്ധം B

| ജില്ല | സ്ഥാപനം | MTCP മാരുടെ എണ്ണം | 2021 ഏപ്രിൽ മുതൽ 2021 സെപ്റ്റംബർ വരെ അനുവദിക്കുന്ന തുക |
|---|---|---|---|
| തിരുവനന്തപുരം | ഗവ.മഹിളാ മന്ദിരം ,തിരുവനന്തപുരം | 1 | 109350 |
| | ചിൽഡ്രൻസ് ഹോം,തിരുവനന്തപുരം | 2 | 218700 |
| കൊല്ലം | ആഫ്റ്റർ കെയർ ഹോം-കൊല്ലം | 4 | 437400 |
| | ഗവ.മഹിളാ മന്ദിരം ,കൊല്ലം | 1 | 109350 |
| | ചിൽഡ്രൻസ് ഹോം,കൊല്ലം | 1 | 109350 |
| പത്തനംതിട്ട | ചിൽഡ്രൻസ് ഹോം,പത്തനംതിട്ട | 1 | 109350 |
| | ഗവ.മഹിളാ മന്ദിരം ,പത്തനംതിട്ട | 1 | 109350 |
| ആലപ്പുഴ | ഗവ.മഹിളാ മന്ദിരം ,ആലപ്പുഴ | 1 | 109350 |
| എറണാകുളം | ഗവ.മഹിളാ മന്ദിരം എറണാകുളം | 1 | 109350 |
| | ചിൽഡ്രൻസ് ഹോം,എറണാകുളം (ഗേൾസ്) | 2 | 218700 |
| തൃശൂർ | ചിൽഡ്രൻസ് ഹോം,തൃശ്ശൂർ(ബോയ്സ്സ്) | 1 | 109350 |
| | Place of safety,(ബോയ്സ്സ്)തൃശ്ശൂർ | 1 | 109350 |
| | ഗവ.മഹിളാ മന്ദിരം തൃശ്ശൂർ | 1 | 109350 |
| പാലക്കാട് | ചിൽഡ്രൻസ് ഹോം,പാലക്കാട് | 1 | 109350 |
| | ഗവ.മഹിളാ മന്ദിരം പാലക്കാട്. | 1 | 109350 |
| മലപ്പുറം | ഗവ.മഹിളാ മന്ദിരം മലപ്പുറം | 1 | 109350 |
| | റസ്ക്യൂ ഹോം, മലപ്പുറം | 1 | 109350 |
| | ചിൽഡ്രൻസ് ഹോം, മലപ്പുറം | 1 | 109350 |
| കോഴിക്കോട് | ആഫ്റ്റർ കെയർ ഹോം-,കോഴിക്കോട് | 2 | 218700 |
| | ഗവ.മഹിളാ മന്ദിരം ,കോഴിക്കോട് | 1 | 109350 |
| | ഷോർട്ട് സ്റ്റേ ഹോം,കോഴിക്കോട് | 1 | 109350 |
| | ചിൽഡ്രൻസ് ഹോം,കോഴിക്കോട് (ഗേൾസ്) | 2 | 218700 |

| | | | |
|---|---|---|---|
| | ചിൽഡ്രൻസ് ഹോം,കോഴിക്കോട് ,(ബോയ്സ്സ്) | 1 | 109350 |
| വയനാട് | ചിൽഡ്രൻസ് ഹോം,വയനാട് | 1 | 109350 |
| കണ്ണൂർ | ഗവ.മഹിളാ മന്ദിരം കണ്ണൂർ | 1 | 178200 |
| | ചിൽഡ്രൻസ് ഹോം,കണ്ണൂർ(ഗേൾസ്) | 1 | 109350 |
| | ചിൽഡ്രൻസ് ഹോം,കണ്ണൂർ ,(ബോയ്സ്സ്) | 1 | 109350 |
| | ആഫ്റ്റർ കെയർ ഹോം-തലശ്ശേരി(ബോയ്സ്സ്) | 1 | 109350 |
| കാസർഗോഡ് | ഗവ.മഹിളാ മന്ദിരം ,കാസർഗോഡ് | 1 | 109350 |
| | ചിൽഡ്രൻസ് ഹോം, കാസർഗോഡ് | 1 | 109350 |
| **ആകെ** | | **37** | **4114800** |